പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1985 — 17.12.2012 ൽ മറുപടി പറയേണ്ടിയിരുന്നത്

## ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മാത്യു. റ്റി. തോമസ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഉന്നതപോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി പരാതിയുണ്ടോ; | (എ) | ഉണ്ട് |
| (ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതു സംബന്ധമായി എന്തെങ്കിലും നടപടി ഹൈക്കോടതി മുൻപാകെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) യും (സി) യും | കേരളപോലീസ് ആക്ടിലെ 18, 23, 24 എന്നീ വകുപ്പുകളുടെ സാധുത ചോദ്യം ചെയ്തുകൊണ്ട് ശ്രീ. കെ. കൃഷ്ണൻകുട്ടി, അഡ്വ. ഡി.ബി. ബിനു എന്നിവർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP (C) No. 26355/2012 പൊതു താൽപര്യ ഹർജിയിൽ ശ്രീ. കെ.എസ്. ബാലസുബ്രഹ്മണ്യം ഐ.പി.എസ്. നെ കേരള പോലീസ് ഡയറക്ടർ ജനറലായി നിയമിച്ചത് സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചല്ല എന്ന ആരോപണം സംബന്ധിച്ച് വിശദമായ സത്യവാങ്മൂലം സർക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതി തീർപ്പ് കൽപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ